# US PROFILES



## ആനി ലിബു ജോൺ






# ആനി ലിബു ജോൺ

# മലയാളി എന്നതെനിക്കൊരു വികാരമാണ്

**◉ മീട്ടു റഹ്മത്ത് കലാം**

സാമൂഹ്യസേവനത്തിന് ഓണററി ഡോക്ടറേറ്റ് നേടിയ ആനി ലിബു ജോൺ എന്ന ചെങ്ങന്നൂർ സ്വദേശി കഴിഞ്ഞ 12 വർഷങ്ങളായി കുടുംബസമേതം യുഎസിലാണ് താമസം. ഇവന്റ് മാനേജ്മെന്റ് സംഘാടകയായി അമേരിക്കൻ മലയാളികൾക്ക് സുപരിചിതയായ ഈ വനിത, കഴിഞ്ഞ ഒരു പതിറ്റാണ്ടുകൊണ്ട് അനിതരസാധാരണമായ നേതൃപാടവവും സാമൂഹിക പ്രതിബദ്ധതയും പ്രകടമാകുന്ന നിരവധി പ്രവർത്തനങ്ങൾ കാഴ്ചവച്ചിട്ടുണ്ട്. കോവിഡിന്റെ പ്രാരംഭഘട്ടത്തിൽ ഇറ്റലിയിൽ കുടുങ്ങിയവരെയും റഷ്യൻ അധിനിവേശത്തിനിടയിൽ യുക്രെയ്നിൽ കുടുങ്ങിയ വിദ്യാർത്ഥികളെയും നാടണയ്ക്കാൻ നടത്തിയ ശ്രമങ്ങൾ ഏറെ ശ്രദ്ധ പിടിച്ചുപറ്റി. വേൾഡ് മലയാളി ഫെഡറേഷൻ (ഡബ്ലിയു എം എഫ്) വൈസ് ചെയർപേഴ്സണായി നാലു വർഷം പ്രവർത്തിച്ച അനുഭവപരിചയവുമായി ലോക കേരള സഭയുടെ യു എസിൽ നിന്നുള്ള അംഗമായിക്കൊണ്ട് പൊതുസേവനരംഗത്തേക്ക് കൂടുതൽ സമയം മാറ്റിവയ്ക്കാനുള്ള ഒരുക്കത്തിലാണ് ഇവർ.



**സേവനതല്പരതയിൽ ജീവിതസാഹചര്യങ്ങൾ എത്രത്തോളം സ്വാധീനിച്ചിട്ടുണ്ട്?**

എവിടെ ജീവിച്ചാലും ഉള്ളിന്റെയുള്ളിൽ മലയാളിയാണെന്ന അഭിമാനമാണ് എനിക്കുള്ളത്. ഇന്ന് കാണുന്ന എന്നെ വാർത്തെടുത്തതിൽ നമ്മുടെ സംസ്കാരത്തിനും സംസ്കൃതിക്കും അനിഷേധ്യമായ പങ്കുണ്ട്. ചെങ്ങന്നൂർ പുത്തൻകാവ് മാളിയേക്കൽ തര്യൻ തരകൻ കുടുംബത്തിലാണ് ഞാൻ ജനിച്ചത്. മാതാപിതാക്കൾ ഗൾഫിൽ ആയിരുന്നതുകൊണ്ട് കുട്ടിക്കാലം ഗ്രാൻഡ് പേരന്റ്സിനൊപ്പമായിരുന്നു. പട്ടാളച്ചിട്ടയായിരുന്നു എല്ലാക്കാര്യങ്ങൾക്കുമെങ്കിലും സഹാനുഭൂതിയോടെ ആദ്യാക്ഷരങ്ങളും അവരിൽ നിന്നാണ് പഠിച്ചത്. സഹായത്തിനായി വീട്ടുപടിക്കൽ വരുന്ന ആരെയും വെറും കയ്യോടെ മടക്കി അയച്ചിരുന്നില്ല. പാവപ്പെട്ട വീടുകളിലെ പെൺകുട്ടികളുടെ വിവാഹം നടത്തിക്കൊടുക്കുന്നതും വിശന്ന് എത്തുന്നവർക്ക് വയർ നിറയുന്നതുവരെ ഭക്ഷണം





വിളമ്പിക്കൊടുക്കുന്നതുമൊക്കെയാണ് ചെറു പ്രായത്തിൽ തന്നെ കണ്ടുവളരുന്നത്. ഡാഡി ഗൾഫിലേക്ക് മാറിയ ശേഷം നാട്ടിലെ ഒരുപാട് ആളുകൾക്ക് അവിടെ ജോലി വാങ്ങിക്കൊടുത്തിരുന്നു. സാമ്പത്തിക ബുദ്ധിമുട്ടുകൾ പറഞ്ഞ് സമീപിക്കുന്ന ബന്ധുക്കൾക്ക്, സ്വർണം പണയം വച്ച് ഡാഡി അറിയാതെ പോലും മമ്മി പണം നൽകുന്നതും ഞാൻ കണ്ടിട്ടുണ്ട്. കുടുംബാംഗങ്ങളുടെ ഇത്തരം പ്രവൃത്തികൾ, അറിഞ്ഞോ അറിയാതെയോ എന്റെ ഉപബോധമനസ്സിനെ സ്വാധീനിച്ചു എന്ന് പറയുന്നതാകും ശരി. മുംബൈയിലെ പഠനസമയത്ത് പാചകത്തിനും മറ്റുസഹായങ്ങൾക്കും നിന്ന ചേച്ചി, കല്യാണത്തിന് പണമില്ലാതെ കരയുന്നതുകണ്ട് കയ്യിൽ കിടന്ന സ്വർണവള ഊരി കൊടുത്തത് അതുകൊണ്ടാകാം. മുൻപിലിരുന്ന് ഒരാൾ വിഷമിക്കുന്നതുകണ്ടാൽ, വരുംവരായ്കകൾ ചിന്തിക്കാതെ തന്നെ നമ്മൾ എന്ത് ചെയ്താൽ അവരുടെ കണ്ണീരൊപ്പാൻ സാധിക്കും എന്ന് ആലോചിക്കാനുള്ള മനസ്സ് പൈതൃകമായി കിട്ടിയതാണ്. ദുബൈയിൽ എച്ച് ആർ ഓഫിസറായിരുന്ന സമയത്ത്, പരിചയക്കാർക്ക് അനുയോജ്യമായ തൊഴിലവസരങ്ങൾ വന്നാൽ അവരെ അതറിയിക്കുമായിരുന്നു. അങ്ങനെ ഒരുപാടുപേർക്ക് ജോലി നൽകാൻ കഴിഞ്ഞിട്ടുണ്ട്. മൂന്ന് മാസത്തെ വിസിറ്റിങ് വിസയിൽ എത്തുന്ന മലയാളികളെ കമ്പനി എനിക്കനുവദിച്ച വീട്ടിൽ ജോലി ലഭിക്കുന്നതുവരെയുള്ള ചിലവുകൾ വഹിച്ച് ഒപ്പം നിർത്തുമ്പോൾ, മാസാവസാനം ശമ്പളത്തിൽ നിന്ന് ഒന്നും മിച്ചംപിടിക്കാൻ കഴിയുമായിരുന്നില്ലെങ്കിലും അതിലൂടെ ഉണ്ടായിരുന്ന സംതൃപ്തി വളരെ വലുതാണ്. പ്രതിസന്ധികളിൽ നമ്മളെ തളർത്താതെ മുന്നോട്ട് നയിക്കുന്നത്, ഏതെങ്കിലും സാഹചര്യത്തിൽ നമ്മൾ സഹായിച്ചിട്ടുള്ളവരുടെ പ്രാർത്ഥനയാണെന്നാണ് ഞാൻ വിശ്വസിക്കുന്നത്.

ജീവിതത്തിന്റെ ഓരോ ഘട്ടത്തിലും കുടുംബത്തിൽ നിന്ന് പൂർണപിന്തുണ എന്റെ ഈ ശ്രമങ്ങൾക്ക് ഉണ്ടായിട്ടുണ്ടെന്നതും ഭാഗ്യമായി കരുതുന്നു. ഭർത്താവ് തോമസ് ജോണും മകൾ മിഷേലുമാണ് ഇത്തരം പ്രവർത്തനങ്ങളിലെ ഇപ്പോഴത്തെ ഊർജ്ജം.

**വിദ്യാഭ്യാസകാലയളവിൽ സ്പോർട്സിൽ കഴിവ് തെളിയിച്ചിരുന്നല്ലോ?**

കോട്ടയം മരിയൻ ജൂനിയർ സ്കൂളിലും സെന്റ് ആൻസ് ഗേൾസ് ഹൈസ്കൂളിലുമായി കേരളത്തിലായിരുന്നു പത്താം ക്ലാസ് വരെയുള്ള വിദ്യാഭ്യാസം. തുടർന്ന് ബോംബെയിൽ ഐസിഎൽ കോളജിൽ നിന്ന് പന്ത്രണ്ടാം ക്ലാസ് പൂർത്തിയാക്കി. ആ പഠനകാലയളവാണ് എന്നിലെ കായികതാരത്തെ ഊതിക്കാച്ചിയത്. അന്നെനിക്ക് സ്പ്രിന്ററായി തിളങ്ങാൻ സാധിച്ചതിന്റെ മുഴുവൻ ക്രെഡിറ്റും മമ്മിക്കാണ്.

പാലിൽ പച്ചമുട്ടയും പഴവും അടിച്ചുതന്ന് വെളുപ്പിന് പരിശീലനത്തിന് വിടുന്നത് ഇപ്പോഴും ഓർക്കുന്നു. ദേശീയ തലത്തിൽ 4 * 100 മീറ്റർ റിലേ മത്സരത്തിൽ ഒന്നാം സ്ഥാനം നേടിക്കൊണ്ടാണ് ഡാഡി സ്വപ്നം കണ്ടതുപോലെ അസംപ്ഷൻ കോളജിൽ ചേർന്ന് പഠിക്കാൻ സാധിച്ചത്.





സ്പോർട്സ് കോട്ടയിലാണ് സീറ്റ് ലഭിച്ചത്. ഇംഗ്ലീഷ് സാഹിത്യത്തിൽ ബിരുദവും സോഷിയോളജിയിൽ ബിരുദാനന്തബിരുദവും നേടി. ഇരുപത്തിയൊന്നാം വയസ്സിൽ വിവാഹത്തോടെ കായികരംഗത്ത് ശ്രദ്ധിക്കാൻ കഴിഞ്ഞില്ല. ഇപ്പോഴും ഒരു ഉത്തരവാദിത്തം എന്നെ ഏൽപ്പിക്കുമ്പോൾ, ബാറ്റണും കയ്യിൽ പിടിച്ച് ലക്ഷ്യസ്ഥാനത്തേക്ക് ഓടിയടുക്കാൻ വെമ്പുന്ന പഴയ കായികതാരം ഉള്ളിൽ തലപൊക്കും. സ്പോർട്സിലൂടെ കൈവന്ന ഊർജ്ജംകൊണ്ടാണ് ക്ഷീണം തോന്നാതെ എല്ലാക്കാര്യങ്ങളും ഇപ്പോഴും ഓടിനടന്ന് ചെയ്യാൻ സാധിക്കുന്നത്.

**സംഘാടന മികവ് സ്വായത്തമാക്കിയതിന് പിന്നിൽ?**

ഡാഡി ഖത്തറിലായിരിക്കെ വെക്കേഷന് ഞങ്ങൾ അങ്ങോട്ട് പോകുമായിരുന്നു. അദ്ദേഹമെവിടെ പ്രോഗ്രാം ഓർഗനൈസർ ആയിരുന്നു. നടി ശോഭനയുടെ നൃത്തപരിപാടി സംഘടിപ്പിച്ചതൊക്കെ നേരിൽ കണ്ടപ്പോൾ ആ രംഗത്തോടൊരു ആകർഷണം തോന്നിയിരുന്നു. കാര്യങ്ങൾ പ്ലാൻ ചെയ്ത് ചിട്ടയോടെ നടപ്പാക്കുന്നത് ഡാഡിയിൽ നിന്ന് കണ്ടുപഠിച്ചതാണ്. 1997 ൽ മാവേലിക്കരയിലെ രാഷ്ട്രീയ പശ്ചാത്തലമുള്ള കുടുംബത്തിലേക്ക് വിവാഹം കഴിഞ്ഞ് ചെല്ലുമ്പോൾ എന്നെ കാത്തിരുന്നത് വ്യത്യസ്തമായൊരു ലോകമായിരുന്നു. അവിടത്തെ ഡാഡിയുടെ സംഘാടനമികവ് എന്നെ ഒരുപാട് സ്വാധീനിച്ചിട്ടുണ്ട്. സാംസ്കാരികരംഗത്ത് ഇടപഴകാൻ സാഹചര്യമുണ്ടാകുന്നതും കൂടുതൽ സ്വാതന്ത്ര്യത്തോടെ പ്രവർത്തിക്കാൻ തുടങ്ങുന്നതും അവിടെ നിന്നാണ്.



പുഷ്പമേള അടക്കം നിരവധി പരിപാടികളുടെ നടത്തിപ്പിൽ ഞാനും ഭാഗമായി. ആദ്യ ഭർത്താവിന്റെ മരണശേഷവും ആ വീടുമായുള്ള എന്റെ ബന്ധം ശക്തമാണ്. ഇപ്പോഴും പൊതുസദസ്സുകളിൽ പലരും എന്നെ തിരിച്ചറിയുന്നത് ആ ഡാഡിയുടെ മരുമകളായി പോലുമല്ല, മകളായാണ്. റോണിച്ചായന്റെ മകൾ വന്നു എന്നാണ് ആളുകൾ പറയുക.

ഗൾഫ് മലയാളം മ്യൂസിക്കൽ അവാർഡ്സ് എന്ന ഷോ ദുബൈയിൽ എന്റെ സുഹൃത്തുക്കൾ സംഘടിപ്പിച്ചപ്പോൾ സഹായിയായി ചെന്നതാണ് ഇവന്റ് മാനേജ്മെന്റ് രംഗത്തേക്ക് കടന്നുവരാൻ നിമിത്തമായത്. താരസംഘടനയായ അമ്മയുടെ സെക്രട്ടറി ഇടവേള ബാബു ചേട്ടനൊക്കെ ഒരു ഷോ വിജയമാക്കാൻ വേണ്ടി അതിന്റെ പിന്നിൽ കിടന്ന് കഷ്ടപ്പെടുന്നതും ഫ്രണ്ട് സ്റ്റേജും ബാക്ക് സ്റ്റേജും കോ-ഓർഡിനേറ്റ് ചെയ്യുന്നതും ഞാൻ നോക്കി നിന്നിട്ടുണ്ട്. അതെനിക്ക് വലിയ പ്രചോദനമായി തീർന്നിരുന്നെന്ന് പിന്നീട് നേരിട്ട് പറഞ്ഞിട്ടുമുണ്ട്. വർഷത്തിൽ 30 ദിവസത്തെ അവധി ലഭിക്കുമ്പോൾ അതിൽ നിന്ന് രണ്ടാഴ്ച എങ്കിലും ഇവന്റുകൾ സംഘടിപ്പിക്കാൻ ഞാൻ മാറ്റിവയ്ക്കുമായിരുന്നു. ആ ഫീൽഡിൽ അത്രമാത്രം അർപ്പണമനോഭാവം ആവശ്യമാണ്. പരിപാടി കണ്ടിരിക്കുന്നവർ നമ്മുടെ കഷ്ടപ്പാടിനെക്കുറിച്ച് പലപ്പോഴും അറിയില്ലെങ്കിൽ കൂടി, ഷോ






വിജയിപ്പിക്കാൻ വേണ്ടി എത്ര കഷ്ടപ്പെടാനും തയ്യാറായ മനസ്സുവേണം.

**ദുബൈയിലെയും അമേരിക്കയിലെയും പ്രവാസ ജീവിതം എത്രത്തോളം വ്യത്യസ്തമാണ്?**

ദുബൈയിൽ എമിറേറ്റ്സിലായിരുന്നു ഞാൻ ആദ്യം ജോലി ചെയ്തിരുന്നത്. പിന്നീട് അൽ-ഫത്തയ്മ് എന്നൊരു കമ്പനിയിൽ എച്ച് ആർ ഓഫീസറായി. 2000-2009 കാലയളവ് വരെ അവിടെയായിരുന്നു. അപ്പോഴേക്കും ഡാഡിയും മമ്മിയും യുഎസിൽ സെറ്റിൽഡായി. മകളുടെ വിദ്യാഭ്യാസം ഉദ്ദേശിച്ചാണ് അമേരിക്കയിലേക്ക് ചേക്കേറിയത്. എനിക്ക് എക്കാലത്തും പ്രിയപ്പെട്ടത് കേരളത്തിലെയും ദുബൈയിലെയും ജീവിതം തന്നെയാണ്. ദുബൈയിൽ ഫ്ളാറ്റിന് പുറത്തിറങ്ങിയാൽ എവിടെയും മലയാളികളെ കാണാം. നാടുവിട്ടെന്ന തോന്നലേ ഉണ്ടാകില്ല. പ്ലംബിങ് ആയാലും കാർ-ക്ളീനിംഗ് ആയാലും എന്തിനും സഹായത്തിന് ആളെ കിട്ടും. അമേരിക്കയിൽ എല്ലാം നമ്മൾ തനിയെ ചെയ്യണം. എല്ലാവർക്കും തിരക്കാണ്. കൂടുതൽ വർക്കഹോളിക്കാണ് ഇവിടുള്ളവർ. എന്റർടൈൻമെന്റിന് അധികം സമയം മാറ്റിവയ്ക്കാറില്ല. ദുബൈയിൽ എല്ലാ വാരാന്ത്യങ്ങളും ആളുകൾ ആഘോഷമാക്കും. അമേരിക്കയിലേക്ക് ജീവിതം പറിച്ചുനടുന്നത്, എല്ലാത്തിൽ നിന്നും ഒരുമാറ്റം വേണമെന്ന് തോന്നിയ അവസരത്തിലായതുകൊണ്ട് സാഹചര്യങ്ങളോട് പൊരുത്തപ്പെടാൻ മനസ്സ് പാകപ്പെട്ടിരുന്നു. ഭർത്താവ് തോമസ് ജോൺ അമേരിക്കയിൽ വളർന്ന ആളാണ്. എത്രവേഗമാണ് ഞാൻ മാറ്റങ്ങളോട് പൊരുത്തപ്പെട്ടതെന്ന് അദ്ദേഹം അത്ഭുതത്തോടെ ചോദിച്ചിട്ടുണ്ട്.

അമേരിക്കയിലെ ന്യൂജേഴ്സിയിൽ സൂര്യ ഫെസ്റ്റിവൽ നടത്താൻ സാധിച്ചതോടെയാണ് ഉള്ളിലെ പഴയ കനൽ അവശേഷിക്കുന്നതായി ബോധ്യപ്പെടുന്നത്. മറ്റു രണ്ടുസ്ത്രീകളുടെ കൂടി സഹായം ഉണ്ടായിരുന്നെങ്കിൽ കൂടി, അതെനിക്ക് മുന്നോട്ടുള്ള യാത്രയിൽ അമേരിക്കയെ സ്നേഹിക്കാനുള്ള കാരണങ്ങളിൽ ഒന്നായിത്തീർന്നു. ഇവിടുള്ള മലയാളികൾ എന്റെ കഴിവ് തിരിച്ചറിയിക്കുകയും അംഗീകരിക്കുകയും ചെയ്തത് ആ പരിപാടി സംഘടിപ്പിച്ച ശേഷമാണ്. ഒരു കാര്യം എന്നെ ഏൽപ്പിച്ചാൽ അത് നൂറ് ശതമാനം ആത്മാർത്ഥതയോടെ ചെയ്യുമെന്ന പേര് നേടിയെടുക്കാനും അതിലൂടെ സാധിച്ചു. ഫ്രീഡിയ എന്റർടെയ്ൻമെന്റാണ് അമേരിക്കയിൽ ഷോ എത്തിച്ചിരുന്നത്. അവർ എല്ലാ പ്രോഗ്രാമുകളും എന്നെ ഏൽപ്പിക്കാൻ തുടങ്ങി. ഇന്ത്യയുടെ സംസ്കാരം നമ്മുടെ ഇപ്പോഴത്തെ തലമുറകളിൽ നിലനിർത്തുക എന്ന ഉദ്ദേശം കൂടി ഇത്തരം പരിപ

## അംഗീകാരങ്ങൾ

നേതൃപാടവത്തിനും സാമൂഹ്യ സേവനത്തിനും മലയാളി അസോസിയേഷൻ ഓഫ് ന്യൂജേഴ്സിയുടെ അവാർഡ് നേടിയിട്ടുണ്ട്.

ലോകമെമ്പാടുമുള്ള സാമൂഹിക പ്രവർത്തനങ്ങൾക്കുള്ള ആദരവായി വേൾഡ് ഹ്യൂമൻ റൈറ്റ്സ് പ്രൊട്ടക്ഷൻ കമ്മീഷൻ (WHPRC) സംഘടനയിൽ അംഗത്വവും ഓണററി ഡോക്ടറേറ്റും സമ്മാനിച്ചു.

സമൂഹത്തിനായുള്ള സമർപ്പണ സേവനത്തിന് റോട്ടറി ക്ലബ് ഓഫ് ആലപ്പുഴയുടെ ആദരവ് ഏറ്റുവാങ്ങി.

പൊതുസേവനത്തിലെ നേതൃത്വമികവിന് ഉന്നതി വനിതാ അവാർഡ് ലഭിച്ചിട്ടുണ്ട്.

വിവിധ മേഖലകളിൽ മികച്ച സംഭാവനകൾ നൽകിയ വനിതകളെ ആദരിക്കുന്ന സിംഗപ്പൂർ പ്രവാസി എക്സ്പ്രസിന്റെ വനിതാ രത്നം പുരസ്കാര ജേതാവാണ്.





ാടികൾ വഹിക്കുന്നുണ്ട്. ദുബൈയിലെ പോലെ അമേരിക്കയിൽ എപ്പോഴും ഷോ നടത്തുക സാധ്യമല്ല, ഇവിടെ എല്ലാം സീസണലാണ്. ഏപ്രിൽ മുതൽ ഒക്ടോബർ വരെയാണ് ഇവന്റുകൾ സംഘടിപ്പിക്കുന്നത്. നവംബർ മുതൽ മഞ്ഞും തണുപ്പുമായി വേറൊരു മൂഡാണ്.

**അമേരിക്കയിലെ പൊതുപ്രവർത്തനരംഗത്തേക്ക് കടന്നത് എങ്ങനെയാണ്?**



ഞാൻ എപ്പോഴും ഒരു ബാക്ക്സ്റ്റേജ് പേഴ്സണായിരുന്നു. നോർത്ത് അമേരിക്കൻ ഫിലിം അവാർഡ്സ് (നാഫാ) എന്ന ഷോ നടത്താനുള്ള ആശയമാണ് വഴിത്തിരിവായത്. ആ സമയം 'മീഡിയ – കണക്ട്' എന്ന പേരിൽ സ്വന്തമായൊരു ഇവന്റ് മാനേജ്മെന്റ് കമ്പനി ഞാൻ രജിസ്റ്റർ ചെയ്തിരുന്നു. ഫ്രീഡിയ എന്റർടെയ്ന്മെന്റിന്റെ പങ്കാളിത്തത്തോടെ 2017 ൽ നടന്ന ഷോ, ഗംഭീരവിജയമായി. അങ്ങനെ, ഈ രംഗത്ത് സജീവമായി. മിക്കവാറും എല്ലാ സംഘടനകളും നടത്തുന്ന പരിപാടികളിൽ പങ്കെടുക്കാൻ കഴിഞ്ഞു. അതിനിടയിലാണ് ഇവിടെയുള്ള ഒരു ചർച്ചിന്റെ ട്രസ്റ്റി സ്ഥാനമേൽക്കാൻ ക്ഷണം ലഭിച്ചത്. നോർത്ത് അമേരിക്കയിലൊരു ചർച്ചിന്റെ ട്രസ്റ്റിയായി അതിനുമുൻപ് ഒരു വനിത സ്ഥാനമേറ്റിട്ടില്ല. ഒരർത്ഥത്തിൽ അതൊരു ചരിത്രസംഭവമാണ്. ഓർത്തോഡോക്സ് സഭയിലെ ബാവാ തിരുമേനി നിർദ്ദേശിച്ച പുതിയ ചട്ടപ്രകാരമാണ് സ്ത്രീകൾക്കും സ്ഥാനം നൽകാൻ തീരുമാനമായത്. ചർച്ചിന്റെ പണി നടക്കുന്ന സമയമായിരുന്നു അത്. ഞാനതിൽ വളരെ ആക്ടിവായി പ്രവർത്തിച്ചു. സ്ത്രീകൾ മുന്നോട്ട് വരുന്നത് ദഹിക്കാത്ത ചില പ്രമാണികൾ മാനസികമായി പലവിധേനയും എന്നെ തളർത്താൻ ശ്രമിച്ചുകൊണ്ടേയിരുന്നു.

പുതുമുഖങ്ങളെ അംഗീകരിക്കാൻ എല്ലാരംഗത്തും ബുദ്ധിമുട്ടുണ്ടല്ലോ!ടീനേജറായ മകളുടെ കാര്യങ്ങൾ, വീട്ടിലെയും ജോലി സ്ഥലത്തെയും ഉത്തരവാദിത്തങ്ങൾ, നമ്മുടെ പതനം കാണാൻ ആഗ്രഹിക്കുന്ന ഒരു പറ്റം ആളുകൾ...അങ്ങനെ നൂറായിരം പ്രശ്നങ്ങൾക്കിടയിലൂടെയായിരുന്നു എന്റെ പ്രവർത്തനം. എന്തായാലും, പള്ളിയുടെ പണി ഭംഗിയായി പൂർത്തീകരിക്കാൻ സാധിച്ചു. പക്ഷേ, ആ ഒറ്റ വർഷമേ ട്രസ്റ്റി സ്ഥാനത്ത് നി ൽക്കാൻ കഴിഞ്ഞുള്ളു. ഏല്പിച്ച കാര്യം ചെയ്തുതീർത്തിട്ട് ഇറങ്ങി എന്നൊരാശ്വാസമുണ്ട്.

**സ്ത്രീയെന്നത് പ്രവർത്തനങ്ങളിൽ പരിമിതിയായി അനുഭവപ്പെട്ടിട്ടുണ്ടോ? സംഘടനകളിലെ സ്ത്രീ പ്രാതിനിധ്യത്തിൽ തൃപ്തയാണോ?**

സ്ത്രീയെന്ന പരിമിതി ഭേദിച്ചാണ് കമല ഹാരിസിനെ പോലുള്ളവർ അമേരിക്കൻ പ്രസിഡന്റ് സ്ഥാനത്തേക്ക് വരെ എത്തിയത്. ഇപ്പോഴും അവരുടെ കുറ്റങ്ങൾ കണ്ടുപിടിക്കാൻ മത്സരമുണ്ട്. പുരുഷന്മാരുടേതിനെ അപേക്ഷിച്ച് സ്ത്രീകളുടെ



വളർച്ച അംഗീകരിക്കാൻ സമൂഹത്തിന് വിമുഖതയുണ്ട്. അത് ഉന്നതസ്ഥാനങ്ങളാകണമെന്നില്ല, എല്ലാ തലങ്ങളിലും താരതമ്യവും മത്സരബുദ്ധിയുമുണ്ട്. സംഘടനകളിലെ സ്ത്രീ പ്രാതിനിധ്യത്തിൽ തൃപ്തയല്ലെന്ന് തന്നെ പറയേണ്ടി വരും. ഏതൊരു സ്ത്രീ മുന്നോട്ട് വന്നാലും അവൾക്കൊരു പണി കൊടുത്ത് ഒതുക്കാനാണ് തിടുക്കം. ഇതിനായി ഊമക്കത്തുകൾ അയയ്ക്കുന്നവരും സോഷ്യൽ മീഡിയയിലടക്കം വ്യാജ പ്രൊഫൈലിൽ നിന്ന് മോശം കമന്റുകൾ ഇടുന്നവരുമുണ്ട്. നാട്ടിലോ ഗൾഫിലോ എനിക്കത്തരം അനുഭവം ഉണ്ടായിട്ടില്ല. അതുകൊണ്ടുതന്നെ ആദ്യമൊക്കെ വിഷമം തോന്നിയിരുന്നു. ഇപ്പോൾ, അതൊന്നും സാരമാക്കാറില്ല. എന്നെ മനസ്സിലാക്കിയിട്ടുള്ള ഒരുപാട് പേർ ആ അവസരത്തിൽ നൽകിയ പിന്തുണയാണ് മുന്നോട്ടുപോകാൻ ധൈര്യം തന്നത്. അറിയാത്തൊരു വ്യക്തി നമ്മളെ എങ്ങനെ വിലയിരുത്തിയാലും അത് ജീവിതത്തെ ഒരു തരത്തിലും ബാധിക്കാൻ പോകുന്നില്ല. ഭർത്താവും മാതാപിതാക്കളും സുഹൃത്തുക്കളും ഒപ്പം നിന്നില്ലായിരുന്നെങ്കിൽ എത്രയൊക്കെ കരുത്ത് പുറമേകാണിച്ചാലും, ഞാൻ വീണുപോകുമായിരുന്നു.

**സംഘടനാപ്രവർത്തനങ്ങൾ?**

പള്ളിയിലെ ട്രസ്റ്റി സ്ഥാനം ഒഴിഞ്ഞ ശേഷമാണ് വേൾഡ് മലയാളി ഫെഡറേഷനിൽ (ഡബ്ലിയു എം എഫ്) സ്ത്രീ ശാക്തീകരണത്തെക്കുറിച്ച് പ്രഭാഷണം നൽകാൻ ക്ഷണം ലഭിച്ചത്. എന്റെ കഴിവ് തിരിച്ചറിഞ്ഞ് ഡബ്ലിയു എം എഫിന്റെ ചെയർമാൻ നേരിട്ട് എന്നെ അതിന്റെ വൈസ് ചെയർ പേഴ്സണായി നിയമിച്ചു. 165- ല്പരം രാജ്യങ്ങളിൽ നിന്നുള്ള അംഗങ്ങളുണ്ട് ഡബ്ലിയു എം എഫിൽ.

പിന്നീട്, കേരള അസോസിയേഷൻ ഓഫ് ന്യൂജേഴ്സി(കെ എ എൻ ജെ) അംഗത്വം നൽകി. സംഘടനയുടെ ഓണാഘോഷം ഉൾപ്പെടെ നിരവധി പരിപാടികൾക്ക് സ്പോൺസർമാരെ കണ്ടെത്തിക്കൊടുത്തു. ഫോമായ്ക്കും ഇത്തരത്തിൽ സ്പോൺസർഷിപ്പ് ശരിയാക്കി കൊടുത്തിട്ടുണ്ട്. അത്തരം കലാപരിപാടികൾ നടക്കുമ്പോഴാണ് അമേരിക്കൻ മലയാളികൾക്ക് ഒത്തുകൂടാൻ അവസരമുണ്ടാകുന്നത്. അതൊരു സന്തോഷമാണ്.

**പ്രളയസമയത്തും കോവിഡ് കാലത്തും കേരളത്തിൽ സജീവമായി പ്രവർത്തിച്ചിരുന്നല്ലോ?**

ഒരു നിമിത്തം എന്നോണം ഈ രണ്ടവസരങ്ങളിലും ഞാൻ കേരളത്തിലായിരുന്നു. അമേരിക്കയിലിരുന്ന് നാട്ടിൽ ഇങ്ങനെ സംഭവിച്ചു എന്നറിയുന്നതും നേരിൽ കണ്ടുമനസ്സിലാക്കുന്നതും രണ്ടുതരം അനുഭവമാണ്. അമേരിക്കൻ മലയാളികളോട് കേരളത്തിലെ അവസ്ഥ അവരുടെ പ്രതിനിധിയായ ഞാൻ വിശദീകരിക്കുമ്പോൾ ഉണ്ടാകുന്ന ഇമ്പാക്റ്റും വ്യത്യസ്തമാണ്. നാട്ടിൽ നിന്ന് പലരും സഹായം ചോദിച്ച് വിളിക്കുമ്പോൾ നിജസ്ഥിതി എന്താണ്, ശരിയായ കൈകളിലേക്കാണോ പണം എത്തുന്നത് എന്നുള്ള ചിന്തകൾ സ്വാഭാവികമായി വരും.

ദൂരെനിന്ന് 100 പേർക്ക് ഭക്ഷണത്തിനുള്ള പണം അയച്ചുകൊടുക്കുന്നതുപോലെയല്ല, വിശന്നുവലഞ്ഞവർക്ക് ആഹാരം വിളമ്പി നൽകിക്കൊണ്ട് അവരുടെ സംതൃപ്തി നോക്കിക്കാണുന്നത്. ഏത് പ്രദേശത്താണ് ആവശ്യമെന്ന് അമേരിക്കയിൽ നിന്നുള്ള നിരവധി സുഹൃത്തുക്കൾ അന്വേഷിച്ചിരുന്നത് കൂടുതൽ കാര്യങ്ങൾ ചെയ്യാൻ പ്രചോദനമായി.അവശ്യസാധനങ്ങൾ എത്തിച്ചുകൊടുക്കുന്നതടക്കം നിരവ



ധി കാര്യങ്ങൾക്ക് നേതൃത്വം നൽകി.

രാഷ്ട്രീയമോ മതമോ ഒന്നുമില്ലാതെ മലയാളി എന്ന വികാരമാണ് അവിടെ മുന്നോട്ടുനിൽക്കുന്നത്. ഒരാളുടെ മുന്നേറ്റം കണ്ടാൽ പാര പണിയുന്നവർ എന്ന് പേരെടുത്ത അമേരിക്കൻ മലയാളി തന്നെ, ഒരാൾക്ക് പ്രശ്നമെന്ന് കണ്ടാൽ സഹായിക്കാനും തിരക്കുകൂട്ടുമെന്ന തിരിച്ചറിവാണ് പ്രളയസമയത്തും കോവിഡിനിടയിലും ഉണ്ടായത്. പൊലീസിന് സത്യവാങ്മൂലം സമർപ്പിച്ചാണ് സംസ്ഥാനത്തെ വിവിധ ജില്ലകളിലെ അവസ്ഥ നേരിൽ കണ്ട് മനസ്സിലാക്കാൻ യാത്ര തിരിച്ചത്. ആദിവാസിമേഖലകളും സന്ദർശിച്ചു. ഒരുപാട് സ്ഥലങ്ങളിൽ മാസ്കുകളും സാനിറ്റൈസറുകളും വിതരണം ചെയ്തു.




ഓൺലൈൻ വിദ്യാഭ്യാസം സാധ്യമാകാതെ സാമ്പത്തികമായി പിന്നോക്കം നിന്ന കുട്ടികൾക്ക് സ്പോൺസർമാരെ കണ്ടെത്തി ടിവി,മൊബൈൽ ഫോൺ, ലാപ്ടോപ്പ്, പുസ്തകങ്ങൾ തുടങ്ങിയവ വിതരണം ചെയ്യാൻ സാധിച്ചു. മാരാരിക്കുളം സ്കൂൾ പ്രൊജക്ടിൽ സജീവമായി ഇടപെട്ട് ലൈബ്രറിക്ക് ആവശ്യമായ പുസ്തകങ്ങളും മറ്റുസാമഗ്രികളും എത്തിച്ചുകൊടുത്തു. കുട്ടികളുടെ വിദ്യാഭ്യാസം ഒരിക്കലും തടസ്സപ്പെടരുതെന്നതാണ് എന്റെ ആഗ്രഹം.

ഷോ ഒന്നുമില്ലാതെ ബുദ്ധിമുട്ടിയിരുന്ന കലാകാരന്മാർക്കുവേണ്ടി പ്രോഗ്രാമുകൾ സംഘടിപ്പിച്ചു. ഒരുപാട് പണം കൈയിൽ വച്ചൊന്നുമല്ല, മാസത്തിൽ 15 ആർട്ടിസ്റ്റുകളെ എങ്കിലും സഹായിക്കാൻ അതിലൂടെ കഴിഞ്ഞു. ഇവന്റ്സ് എന്ന ബാനറിന് കീഴിൽ കേരളത്തിലെ 14 ജില്ലകളിലും ഓൺലൈൻ മ്യൂസിക്കൽ പ്രോഗ്രാം നടത്തിയും നിരവധി കലാകാരന്മാരെ പിന്തുണച്ചു.

**ലോക കേരള സഭയിലേക്കുള്ള രംഗപ്രവേശം?**

ലോക കേരള സഭ രൂപീകരിക്കുന്നത് 2017 ലാണ്.പിണറായി സർക്കാരാണ് അതിന് ഇനിഷിയേറ്റീവ് എടുത്തിരിക്കുന്നത്.പ്രവാസികളാണ് ഇന്ത്യയെയും കേരളത്തെയും സാമ്പത്തികമായി നിലനിർത്തുന്നതെന്ന് നമുക്കറിയാം.

അപ്പോൾ, അവരുടെ പ്രശ്നങ്ങൾക്ക് കാതോർക്കേണ്ടത് ധാർമ്മികമായ ഉത്തരവാദിത്തമാണെന്ന് സർക്കാരിന് തോന്നിയതിനെ ഭാഗമായാണ് ലോക കേരള സഭ എന്ന ആശയം ഉരുത്തിരിഞ്ഞതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇത്രയധികം രാജ്യങ്ങളിലെ മലയാളികളെ ഏകോപിപ്പിക്കുകയാണ് ലക്ഷ്യം.

എം പി യും നടനുമായ സുരേഷ് ഗോപി ചേട്ടനാണ് എന്നോട് ലോക കേരള സഭയെക്കുറിച്ച് ആദ്യമായി സൂചിപ്പിച്ചത്. അമേരിക്കയെ പ്രതിനിധീകരിച്ച് അതിലേക്ക് അപേക്ഷിക്കാൻ നിർദ്ദേശിച്ചതും അദ്ദേഹമാണ്. ഓൺലൈനായി അപേക്ഷ സമർപ്പിക്കുമ്പോഴും കാര്യമായ പ്രതീക്ഷ ഉണ്ടായിരുന്നില്ല. ഇതിന്റെ ഭാഗമാകാൻ സാധിച്ചതിൽ ഇന്ന് അഭിമാനം തോന്നുന്നു.

ലോകത്ത് ആകെ 198 രാജ്യങ്ങളാണുള്ളത്.നൂറ്റിമുപ്പത്തോളം രാജ്യങ്ങളിലെ അംഗങ്ങളാണ് ആദ്യഘട്ടത്തിൽ ഇതിന്റെ ഭാഗമായിരുന്നത്. ഡബ്ലിയു എം എഫിലെ ബന്ധങ്ങൾ ഉപയോഗിച്ച് 170 രാജ്യങ്ങൾ രാജ്യങ്ങളിലെ മലയാളികളുടെ പ്രാതിനിധ്യം കണ്ടെത്താനും അവരെ അണിചേർക്കാനും സാധിച്ചതിൽ സന്തോഷമുണ്ട് . ഈ രാജ്യങ്ങളിൽ എവിടെ ഒരു പ്രശ്നം നടന്നാൽ, ആരെ ബന്ധപ്പെടണമെന്ന് എനിക്കിപ്പോൾ അറിയാം. ലോകത്തിന്റെ നാനാദിക്കിൽ നിന്നുമുള്ള മലയാളികളെ നേരിൽ കാണാനും പരിചയപ്പെടാനും സാധിച്ചത് വല്ലാത്തൊരു അനുഭവമായിരുന്നു.

**കോവിഡിന്റെ പ്രാരംഭപ്രതിസന്ധിക്കിടയിലും യുക്രെയ്ൻ യുദ്ധത്തിന്റെ സമയത്തും, വിദ്യാർഥികളടക്കം അവിടെ കുടുങ്ങിപ്പോയവരെ നാട്ടിലെത്തിക്കാൻ ഈ ബന്ധങ്ങൾ സഹായകമായോ?**

തീർച്ചയായും. കോവിഡ് പൊട്ടിപ്പുറപ്പെട്ടപ്പോൾ ഞാൻ നാട്ടിലായിരുന്നെന്ന് പറഞ്ഞല്ലോ. ഇറ്റലിയിലെ വിമാനത്താവളത്തിൽ കുടുങ്ങിക്കിടന്ന മലയാളികളായ വിദ്യാർത്ഥികളുടെ ദുരിതം ഡബ്ലിയു എംഎഫ് ഇറ്റലി കോ-ഓർഡിനേറ്റർ ലിജോ ജോസഫാണ് എനിക്ക് അയച്ചുതന്നത്. അങ്ങനൊരു സാഹചര്യം മുൻപ് ഉണ്ടായിട്ടില്ലാത്തതുകൊണ്ടു തന്നെ എന്തുചെയ്യണമെന്ന് ഒരുരൂപവും ഉണ്ടായിരുന്നില്ല. എങ്ങനെയും അവരെ രക്ഷിക്കണമെന്ന് മാത്രമേ അപ്പോൾ ചിന്തിച്ചുള്ളൂ.

വിദ്യാർത്ഥികൾ അയച്ചുതന്ന വീഡിയോ ഉടൻ തന്നെ നോർക്ക അധികൃതർക്കും കേരള മുഖ്യമന്ത്രിയുടെ ഓഫീസിലേക്കും കൈമാറി, കാര്യങ്ങളുടെ ഗൗരവം ബോധ്യപ്പെടുത്താൻ ശ്രമിച്ചു. പിന്നീട്,

ഇറ്റലിയിലെ റോം,മിലാൻ,വെനീസ്,ജനോവ എന്നീ വിമാനത്താവളങ്ങളിൽ കുടുങ്ങിയ വിദ്യാർത്ഥിക ളെ ഉൾപ്പെടുത്തി ഒരു വാട്സാപ്പ് ഗ്രൂപ്പ് രൂപീകരിച്ചു. ഇറ്റലിയിലെയും നാട്ടിലെയും സംഭവവികാസങ്ങൾ ഏകോപിപ്പിച്ച് സൂചിയും നൂലും പോലെ ഒന്നിച്ചുന ടത്തിയ ടീം വർക്കിന്റെ ഫലമായാണ് ഞങ്ങളെപ്പോ ലും അമ്പരപ്പിച്ച വേഗത്തിൽ കാര്യങ്ങൾ മുന്നോ ട്ടുപോയത്.

സിസിലിയ മുതൽ മിലാൻ വരെയുള്ള ഇറ്റലിയി ലെ വിവിധ സംഘടനകളെയും സാമൂഹിക പ്രവർ ത്തകരെയും ഉൾപ്പെടുത്തി രൂപീകരിച്ച വാട്സാപ്പ് ഗ്രൂപ്പ് വഴി, ഓരോ പ്രദേശത്തെയും എയർ പോർട്ടുകളിൽ ഉള്ളവർക്ക് ആവശ്യമായ ഭക്ഷണവും മറ്റും എത്തിച്ചു നൽകി. അവരെ നാട്ടിലെത്തിക്കാൻ കഴിഞ്ഞത് സംതൃപ്തി നൽകിയ കാര്യമാണ്. ഇതു കൂടാതെ, കോവിഡ് സമയത്ത് ഗ്ലോബൽ ഹെൽത്ത് ഡെസ്ക് രൂപീകരിച്ചിരുന്നു. മൃതശരീരം നാട്ടിലെത്തി ക്കുന്നതടക്കമുള്ള ആവശ്യങ്ങൾക്ക് ബന്ധപ്പെടാൻ നമ്പർ നൽകിയത് ഒരുപാടുപേർക്ക് ആശ്വാസമായി. ഒരു സംഘടനയിലെ ഓരോ അംഗത്തിനും വ്യത്യസ്തമായ ആശയങ്ങളും കഴിവുകളും കാണും. അവർ മുന്നോട്ട് വയ്ക്കുന്ന ഐഡിയാസിൽ ഏത് സ്വീക രിക്കണമെന്നും ഏത് വേണ്ടെന്ന് വയ്ക്കണമെന്നും തീരുമാനിക്കുക എന്നതാണ് നമ്മുടെ ഉത്തരവാദി ത്തം. കോവിഡിനിടെ ചെയ്ത പ്രവർത്തനങ്ങളിൽ നിന്നുള്ള അനുഭവപരിചയം ഉള്ളതുകൊണ്ടുതന്നെ,

റഷ്യൻ അധിനിവേശത്തിനിടെ യുക്രെയ്നിൽ കുടുങ്ങിപ്പോയ വിദ്യാർത്ഥികളെ രക്ഷിക്കുന്നത് താരതമ്യേന എളുപ്പമായിരുന്നു. വിവിധ ഇടങ്ങളിലാ യി ബങ്കറുകളിൽ കഴിഞ്ഞിരുന്ന വിദ്യാർത്ഥികളെ ഏകോപിപ്പിക്കുന്നതിനായി ഗ്രൂപ്പ് രൂപീകരിച്ചതായി രുന്നു ആദ്യപടി. പോളണ്ട്, ഹംഗറി,റുമാനിയ തു ടങ്ങിയ രാജ്യങ്ങളിലെ ഡബ്ല്യു എം എഫ് പ്രവർ ത്തകരും മറ്റു സന്നദ്ധ സംഘടനാപ്രവർത്തകരും ഇതിനായി ഒരുപാട് സഹായിച്ചു. വിദേശ പഠനത്തി ന് പോയ മലയാളി വിദ്യാർത്ഥികളിൽ അഞ്ഞൂറോ ളം പേരുടെ വിവരങ്ങൾ മാത്രമേ നോർക്കയുടെ രജിസ്റ്ററിൽ ഉണ്ടായിരുന്നുള്ളൂ. യുദ്ധം ആരംഭിച്ച തോടെ നോർക്ക ഒരുക്കിയ വെബ്സൈറ്റിൽ രജിസ് ട്രേഷൻ നാലായിരം കടന്നു. സൈറ്റിൽ നിന്ന് ലഭിച്ച വാട്സാപ്പ് നമ്പറുകൾ കുട്ടികളുടെ പ്രൈവസിയെ ബാധിക്കാതെ 15 ഗ്രൂപ്പുകളാക്കി തിരിക്കുന്നതിന് രാവും പകലും മറന്ന് കഷ്ടപ്പെട്ടിട്ടുണ്ട്. എല്ലാ ഗ്രൂ പ്പുകളിലും നോർക്കയുടെ മുതിർന്ന ഉദ്യോഗസ്ഥർ അംഗമാവുകയും നിരന്തരമായി നിർദ്ദേശം നൽകുന്ന തുമായ സംവിധാനം ഏർപ്പെടുത്തുകയും ചെയ്തു. അയൽരാജ്യങ്ങളിൽ ജോലിക്കും പഠനത്തിനുമായി വന്നെത്തിയ മലയാളികളെ കണ്ടുപിടിച്ച്, അവരു ടെ സഹായം അഭ്യർത്ഥിച്ചു. അവർ സന്നദ്ധ പ്രവർ ത്തകരായി മാറിക്കൊണ്ട് യുക്രെയ്നിൽ നിന്നുള്ള വിദ്യാർത്ഥികൾക്ക് ആഹാരവും താമസസൗകര്യവും




ചികിത്സയും മരുന്നും നാടുമായി ബന്ധപ്പെടാനുള്ള സൗകര്യങ്ങളും ഒരുക്കി. യുക്രെയ്നിൽ നിന്നുള്ള അവസാന മലയാളി വിദ്യാർത്ഥിയും രക്ഷപെടും വരെ സേവനനിരതരായി ലോക മലയാള സഭയിലെ അംഗങ്ങൾ പ്രവർത്തിച്ചു.16 ദിവസങ്ങൾ കൊണ്ടാണ് ദൗത്യം പൂർത്തീകരിച്ചത്. ഒരു മലയാളി പ്രതിസന്ധി യിലായാൽ മറ്റൊരു മലയാളിയുടെ കൈത്താങ്ങ് ലോകത്തിന്റെ ഏത് കോണിലിരുന്നാലും ഉണ്ടാകു മെന്നാണ് ഇത് അടിവരയിടുന്നത്. ലോകത്തെവിടെ നിന്നെങ്കിലും ഒരു മലയാളി സഹായം ചോദിച്ചാൽ അതെത്തിച്ചുകൊടുക്കാനാണ് ഞങ്ങൾ ശ്രമിക്കുന്ന ത്.

**ഭാവിപരിപാടികൾ?**

ഒ സി ഐ കാർഡ് ഉടമകളുടെ പ്രശ്നങ്ങൾ പരി ഹരിക്കുകയാണ് പ്രധാന ലക്ഷ്യം. എന്റെ തലമുറ യിൽപെട്ടവരും അതിന് മുൻപുള്ളവരും, ഇപ്പോഴും വേരുകളോട് മമത പുലർത്തുന്നവരാണ്. അടുത്ത തലമുറയെക്കുറിച്ച് നമുക്ക് പറയാനാകില്ല. പലരുടെ യും സ്വത്തുവകകൾ കേരളത്തിൽ ഉണ്ടാകും. അമേ രിക്കയിലോ യൂറോപ്പിലോ ആഫ്രിക്കയിലോ എത്ര ഒ സി ഐ കാർഡ് ഉടമകളുണ്ടെന്നത് സംബന്ധിച്ച് ഇപ്പോഴും വ്യക്തമായ കണക്കുകളില്ല.ഇന്ത്യൻ എം ബസിയുടെ കൈവശം ഉണ്ടായിരിക്കാം, അത് മാത്രം കൊണ്ടായില്ല, കേരളത്തിനും കൃത്യമായ കണക്കു വേണം. എന്തെങ്കിലും ആവശ്യത്തിന് നാട്ടിൽ വരു മ്പോൾ എൻആർഐ സെൽ ഉണ്ടെന്ന ആശ്വാസം എങ്കിലും ഉണ്ടായത് നോർക്ക രൂപീകരിച്ച ശേഷമാ ണ്. അവരുടെ കൈവശവും ഒസിഐ കാർഡുകാരു ടെ രേഖകളില്ല.



സർക്കാരുമായി സഹകരിച്ച് ഏതൊക്കെ രാജ്യങ്ങളിൽ ഒസിഐ കാർഡ് ഉടമകൾ ഉണ്ടെന്ന് കണ്ടെത്തി,ഏകോപിപ്പിക്കണമെന്നും ആഗ്രഹമുണ്ട്.

കോവിഡിനെ തുടർന്ന് അപ്രതീക്ഷിതമായി ലോക്ക്ഡൗൺ വന്നതുപോലെയോ യുക്രെയ്നിലെ യുദ്ധം പോലെയോ ഉള്ള അവസ്ഥകൾ ഇനിയും ഉണ്ടായാൽ, ഇത്തരം രേഖകൾ ഉണ്ടെങ്കിൽ രക്ഷാപ്രവർത്തനം കുറച്ചുകൂടി എളുപ്പമാകും. എവിടെ വിളിച്ചാൽ ഏത് സംഘടനയിൽ നിന്ന് സഹായമെത്തും എന്നതടക്കമുള്ള വിവരങ്ങൾ ലഭ്യമാകണം. ഒരു പരിചയവുമില്ലാത്ത രാജ്യത്തേക്ക് കേരളത്തിൽ നിന്നെത്തുന്ന നമ്മുടെ കുട്ടികൾക്ക് എന്ത് ആവശ്യം വന്നാലും, മുൻപ് ആ രാജ്യത്ത് താമസമാക്കിയ മലയാളികൾ നാടിന്റെ പ്രതിനിധികളായി, രക്ഷകർത്താക്കളെ പോലെ നിന്ന് സഹായം എത്തിക്കണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്. പണത്തേക്കാൾ വലുതാണ് ഒറ്റയ്ക്കല്ലെന്ന വിശ്വാസം പകരുന്ന ശക്തി.നോർക്ക സെല്ലിൽ കേരളത്തിൽ നിന്ന് ഓരോ രാജ്യത്തേക്കും പോകുന്നവരുടെ കണക്കുകൾ ഉണ്ടായിരിക്കണം. അമേരിക്കയിൽ അത്തരം സംവിധാനങ്ങളുണ്ട്. മലയാളി അസോസിയേഷനുകളിലോ ദേവാലയങ്ങളിലോ എല്ലാ അമേരിക്കൻ മലയാളികളും എത്തണമെന്നില്ല. അതൊക്കെയാണ് തമ്മിൽ കാണാനും പരിചയപ്പെടാനും അവസരമൊരുങ്ങുന്ന സ്ഥലങ്ങൾ. ജോലിയുടെയും പഠനത്തിന്റെയും തിരക്കിൽപ്പെട്ട് പകുതിയിലധികം ആളുകൾക്കും ഇതിനൊന്നും സമയം കിട്ടില്ല. പരിചയക്കാർ ഇല്ലാത്തതുകൊണ്ട് ദുർഘടസന്ധികളിൽ പകച്ചുപോകുന്നവർ ഒരുപാടുണ്ട്. ആ അവസ്ഥയിലാണ്, കണക്ടഡ് ആയ നെറ്റ്‌വർക്ക് പ്രയോജനകരമാകുന്നത്. എല്ലാ രാജ്യങ്ങളിലും ഒ സി ഐ സെല്ലുകൾ ആരംഭിക്കേണ്ടത് ആവശ്യമാണ്.



സ്ത്രീകളെ മുന്നോട്ട് കൊണ്ടുവരാൻ കൂടുതൽ കാര്യങ്ങൾ ചെയ്യാനും ഉദ്ദേശിക്കുന്നുണ്ട്. വനിതകളുടെ കഴിവ് പരിപോഷിപ്പിക്കാനും ഉന്നത വിദ്യാഭ്യാസം നേടാനും അവസരമൊരുക്കുന്നത് പണം നൽകി സഹായിക്കുന്നതിനേക്കാൾ ഗുണകരമാകുമെന്ന് എനിക്ക് തോന്നുന്നു. അർഹിക്കുന്ന സ്ഥാനം ചോദിച്ചുവാങ്ങണമെന്നാണ് സ്ത്രീകളോടുള്ള എന്റെ ഉപദേശം. ആരും ഒന്നും കൈയിൽ കൊണ്ടുവന്ന് തരാൻ പോകുന്നില്ല. ചോദിച്ചുവാങ്ങേണ്ടത് ചോദിച്ചുതന്നെ വാങ്ങണം. അതിനാരെയും ഭയപ്പെടേണ്ട ആവശ്യമില്ല. ചുറ്റുമുള്ളവർ എന്ത് പറയുമെന്ന് കരുതി ഒതുങ്ങിക്കൂടുന്ന ഒരുപാടുപേരെ എനിക്കറിയാം. ഒരു ജീവിതമേ ഉള്ളു എന്ന് ഓർക്കുക.

‘കരയുന്ന കുട്ടിക്കേ പാലുള്ളൂ...’ എന്ന് കേട്ടിട്ടില്ലേ? ഒതുങ്ങിക്കൊടുക്കാൻ നമ്മൾ തയ്യാറായാൽ, നഷ്ടം നമുക്ക് മാത്രമായിരിക്കും. കഴിവുള്ള കൂടുതൽ വനിതകൾ മുന്നോട്ട് വന്നാൽ,വളർന്നുവരുന്ന പെൺകുട്ടികൾക്കും അതൊരു പ്രചോദനമായിത്തീരും.

പ്രവാസി എന്ന് പറയുമ്പോൾ അതിൽ ചെറിയ ശമ്പളത്തിൽ ജോലി ചെയ്യുന്നവരും ഉൾപ്പെടുന്നുണ്ടെന്ന് പലരും ഓർക്കാറില്ല. ആരോഗ്യമൊക്കെ ക്ഷയിച്ച് ജോലി ചെയ്യാൻ കഴിയാതാകുമ്പോൾ തിരികെ നാട്ടിലെത്തുന്ന അത്തരക്കാർ നേരിടുന്ന ഒരുപാട് വെല്ലുവിളികളുണ്ട്.

മക്കളെ പഠിപ്പിച്ച്, വിവാഹം കഴിപ്പിച്ചയച്ച്, കുടുംബ പ്രാരബ്ധങ്ങൾ തീർത്ത് പ്രതീക്ഷയോടെ മടങ്ങിയെത്തുമ്പോഴും നാളെ എന്ത് എന്ന ചോദ്യം അവരെ അലട്ടും. അത്തരക്കാർക്ക് കൈത്താങ്ങാകുന്ന പദ്ധതികൾ കൊണ്ടുവരണമെന്നും ആഗ്രഹിക്കുന്നു.